**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.) – ക്രെഡിറ്റ് കാർഡുകൾ

## A. ഫീസും ചാർജുകളും

### പ്രവേശന/ ചേരുന്നതിനുള്ള (ജോയിനിംഗ്) ഫീസും, വാർഷിക ഫീസും:

- കാർഡ് സജീവമാകുന്ന സമയത്ത് കാർഡ് ഉടമകളിൽ നിന്നും ഈടാക്കുന്ന ഒറ്റ തവണ ഫീസാണ് പ്രവേശന / ജോയിനിംഗ് ഫീസും, വ്യത്യസ്ത തരം കാർഡുകൾക്ക് ഇത് അനുചിതമായി വ്യത്യാസപ്പെടാം.
- കാർഡ് നൽകിയതിന്റെ രണ്ടാം വർഷത്തിന്റെ തുടക്കത്തിൽ മുൻകൂറായി ഈടാക്കുന്ന തുകയാണ് വാർഷിക ഫീസ്.
- താഴെപ്പറയും വിധമുള്ള ജോയിനിംഗ് ഫീസും വാർഷിക ഫീസും പ്രധാന കാർഡ് ഹോൾഡറുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ കൊള്ളിക്കുന്നതും ആയത് അതാത് മാസത്തെ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിക്കുന്നതുമായിരിക്കും.
- ഫീസ് റീഫണ്ട് ലഭ്യമായിരിക്കുന്നതല്ല.

| കാർഡിന്റെ തരം | അംഗത്വം/ചേരുന്നതിനുള്ള ഫീസ് | | വാർഷിക ഫീസ് | |
|---|---|---|---|---|
| | പ്രാഥമികം | മറ്റ് അനുബന്ധ | പ്രാഥമികം | മറ്റ് അനുബന്ധ |
| വിസ ഗോൾഡ് | ഇല്ല | ഇല്ല | 299 രൂ. | 199 രൂ. |
| വിസ പ്ലാറ്റിനം | ഇല്ല | ഇല്ല | 399 രൂ. | 299 രൂ. |
| വിസ സിഗ്നേച്ചർ | ഇല്ല | ഇല്ല | 1999 രൂ. | 999 രൂ. |
| റുപേ പ്ലാറ്റിനം | ഇല്ല | ഇല്ല | 299 രൂ. | 199 രൂ. |
| റുപേ സെലക്ട് | ഇല്ല | ഇല്ല | 499 രൂ. | 199 രൂ. |

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

| | | | | |
|---|---|---|---|---|
| യുണിയൻ യു.എൻ.ഐ കാർബൺ | 499 രൂ. | ഇല്ല | 499 രൂ. | 199 രൂ. |
| ജെ.സി.ബി. വെൽനെസ്സ് | 999 രൂ. | ബാധകമല്ല | 999 രൂ. | ബാധകമല്ല |
| ജെ.സി.ബി. ഹെൽത്ത് | 499 രൂ. | ബാധകമല്ല | 499 രൂ. | ബാധകമല്ല |
| യുണിയൻ എം.എസ്.എം.ഇ. | ഇല്ല | ബാധകമല്ല | ഇല്ല | ബാധകമല്ല |
| വിസ ബിസിനെസ്സ് പ്ലാറ്റിനം കോർപ്പറേറ്റ് കാർഡുകൾ | 1500 രൂ. | ബാധകമല്ല | 2000 രൂ. | ബാധകമല്ല |

<table>
<tr>
<td>മുൻ വർഷത്തെ ഉപയോഗത്തിന് അനുസൃതമായി വാർഷിക ഫീസ് താഴെപ്പറയുന്ന വിധം ഇളവുകൾ നൽകുന്നതാണ്.</td>
<td>
<table>
<tr><td>വിസ ഗോൾഡ്/ റുപേയ് പ്ലാറ്റിനം</td><td>30,000 രൂ.</td></tr>
<tr><td>വിസ പ്ലാറ്റിനം/ റുപേ സെലക്റ്റ്/ ജെ.സി.ബി. ഹെൽത്ത്</td><td>50,000 രൂ.</td></tr>
<tr><td>യുണിയൻ യു.എൻ.ഐ കാർബൺ/ ജെ.സി.ബി. വെൽനെസ്സ്</td><td>1,00,000 രൂ.</td></tr>
<tr><td>വിസ സിഗ്നേച്ചർ</td><td>2,70,000 രൂ.</td></tr>
</table>
</td>
</tr>
</table>

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

## ക്യാഷ് അഡ്വാൻസ് ( പിൻവലിക്കൽ ) ഫീസ്

- പിൻവലിക്കൽ പരിധിയെ സംബന്ധിച്ച് പോയിന്റ് 'ബി'യിൽ പരാമർശിച്ചിട്ടുള്ള നിർദ്ധിഷ്ട പരിധിക്കുള്ളിൽ വരുന്ന തുക ഏതു ബാങ്ക് എ.ടി.എം. ൽ നിന്നും പിൻവലിക്കുന്നതിനുള്ള സൗകര്യം യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് നൽകിയിട്ടുള്ളതാണ്.
- ഇത്തരത്തിൽ പിൻവലിക്കുന്ന തുകയ്ക്ക്, പിൻവലിച്ച ദിവസം മുതൽ 2.5 ശതമാനം പലിശ ബാധകമായിരിക്കും.
- ഈ സൗകര്യം ഉപയോഗപ്പെടുത്തുന്ന കാർഡുടമകളിൽ നിന്ന് താഴെപ്പട്ടികയിൽ കൊടുത്തിരിക്കുന്നത് പോലെ ക്യാഷ് അഡ്വാൻസ് ഫീ ഈടാക്കുന്നതാണ്.

| | |
|---|---|
| യൂണിയൻ ബാങ്കിന്റെ സ്വന്തം എ.ടി.എം മ്മുകളിൽ നിന്നുള്ള തുക പിൻവലിക്കൽ | പിൻവലിച്ച തുകയുടെ മൂന്ന് ശതമാനം (കുറഞ്ഞ തുക 200 രൂപ) |
| മറ്റ് ബാങ്കുകളുടെ എ.ടി.എം മ്മുകളിൽ നിന്നുള്ള തുക പിൻവലിക്കൽ | പിൻവലിച്ച തുകയുടെ മൂന്ന് ശതമാനം (കുറഞ്ഞ തുക 200 രൂപ) |

## സർവീസ് ചാർജുകൾ

UNION BANK OF INDIA
Credit Card & MAB Dept.

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

<table>
<tr><td>കാർഡ് മാറ്റിവാങ്ങുന്നതിലേക്കുള്ള ചാർജ്ജുകൾ</td><td><table>
<tr><td>വിസ ഗോൾസ്/ റുപേ പ്ലാറ്റിനം/ യുണിയൻ യു.എൻ.ഐ കാർബൺ/ ജെ.സി.ബി. വെൽനെസ്സ്/ ജെ.സി.ബി. ഹെൽത്ത്</td><td>149 രൂ.</td></tr>
<tr><td>വിസ പ്ലാറ്റിനം/ റുപേ സെലക്ട്/ യുണിയൻ എം.എസ്.എം.ഇ.</td><td>249 രൂ.</td></tr>
<tr><td>വിസ സിഗ്നേച്ചർ</td><td>299 രൂ.</td></tr>
</table></td></tr>
<tr><td>നഷ്ടപ്പെടുന്ന കാർഡിന്റെ ചാർജ്ജുകൾ</td><td>ഇല്ല</td></tr>
<tr><td>ചാർജ് സ്ലിപ് അപേക്ഷാ ചാർജ്ജുകൾ</td><td>200 രൂ.</td></tr>
<tr><td>താൽക്കാലികമായി വായ്പ്പാ പരിധി കൂട്ടുന്നതിന് (യുണിയൻ എം.എസ്.എം.ഇ. ക്ക് അനുവദനീയമല്ല)</td><td>ഓരോ തവണയും 200 രൂപ</td></tr>
<tr><td>ഹോട്ട് ലിസ്റ്റിംഗ് ചാർജ്ജുകൾ</td><td>ഇല്ല</td></tr>
<tr><td>കുറഞ്ഞ തുക അടച്ചില്ലെങ്കിലുള്ള ഹോട്ട് ലിസ്റ്റിംഗ് ചാർജ്ജുകൾ</td><td>200 രൂപ</td></tr>
<tr><td>ബാലൻസ് അന്വേഷണ നിരക്കുകൾ</td><td>യൂണിയൻ ബാങ്കിലെ എ.ടി.എം മ്മിൽ - സൗജന്യം<br>മറ്റു ബാങ്ക് എ.ടി.എം മ്മിൽ - 20 രൂപ.</td></tr>
<tr><td>ഗ്രീൻ പിൻ ചാർജ്ജുകൾ</td><td>സൗജന്യം</td></tr>
</table>

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

| | |
|---|---|
| ചെക്ക് മടങ്ങിയാലുള്ള ചാർജ്ജുകൾ | 250 രൂപ. |
| പരിധിക്ക് പുറമേയുള്ള തുകയുടെ നിരക്കുകൾ | പരിധിയിൽ കൂടുതൽ വരുന്ന തുകയുടെ 2.5 ശതമാനം, കുറഞ്ഞത് 250 രൂപ. |
| വിദേശ കറൻസി മാർക്ക്അപ്പ് ഫീസ് | മൂന്ന് ശതമാനം |
| ഇന്ധന സർചാർജ് ഇളവ് | a. ഒരു ശതമാനം പ്രതിമാസം നൂറു രൂപ വരെ (യുണിയൻ യു.എൻ.ഐ കാർബൺ കാർഡ് ഒഴികെ)<br>b.യൂണിയൻ യു.എൻ.ഐ കാർബൺ കാർഡുകൾക്ക് ഒരു ബില്ലിംഗ് കാലയളവിൽ 200 രൂപയും അതിൽ കൂടുതലും ഉള്ള ഇടപാടിന് 1 ശതമാനം ഇളവ്. പരമാവധി ഇളവ് 100 രൂപ. |
| റെയിൽവേയുമായുള്ള ഇടപാട് ചാർജ്ജുകൾ | 1.5 ശതമാനവും + ഐ.ആർ.സി.ടി.സി. ചാർജ്ജുകൾ പുറമെ |
| വൈകി അടയ്ക്കുന്നതിലേക്കുള്ള ചാർജ്ജുകൾ | a. 25000 രൂപ വരെയുള്ള കുടിശ്ശികയ്ക്ക് – 200 രൂപ<br>b. 25000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് – 500 രൂപ |
| മൂന്ന് മാസങ്ങൾക്ക് മുകളിലുള്ള സ്റ്റേറ്റ്മെന്റ്ുകൾക്ക് | ഒരു സ്റ്റേറ്റ്മെന്റ്ിന് 50 രൂപ |

**ഇ.എം.ഐ. സൗകര്യങ്ങൾ**

ആഭരണങ്ങൾ വാങ്ങൽ, എടിഎമ്മുകൾ വഴിയുള്ള പണം പിൻവലിക്കൽ, പി.ഒ.എസ് വഴിയുള്ള പണം പിൻവലിക്കൽ, പെട്രോൾ പമ്പുകളിൽ ഇന്ധനം വാങ്ങൽ, ബാറുകളിലെ ഇടപാടുകൾ എന്നിവ ഒഴികെ 5000 രൂപയോ അതിനു മുകളിലോ ഉള്ള എല്ലാ വ്യാപാര ഇടപാടുകളിലും കാർഡ് ഉടമകൾക്ക് ഇ.എം.ഐ. സൗകര്യം ലഭിക്കും. 3/ 6/ 9/ 12 മാസത്തേക്ക് ഈ സൗകര്യം

പ്രയോജനപ്പെടുത്താം. ഈ സൗകര്യത്തിന് താഴെപ്പറയുന്ന നിരക്കുകൾ ബാധകമായിരിക്കും.

| | |
|---|---|
| പലിശ നിരക്ക് | തുക കുറയ്ക്കുന്നതിന് പ്രതിവർഷം പതിനാറ് ശതമാനം |
| നടപടിക്രമങ്ങൾക്കുള്ള ഫീസ് | കുറഞ്ഞത് 200 രൂപയ്ക്കും പരമാവധി 1000 രൂപയ്ക്കും വിധേയമായി രണ്ട് ശതമാനം |
| തുക കാലാവധിക്ക് മുൻപേ അടയ്ക്കുന്നതിനുള്ള ചാർജുകൾ | നിലവിലുള്ള തുകയുടെ രണ്ട് ശതമാനം |

മേൽപ്പറഞ്ഞ എല്ലാ ഫീസുകളും നിരക്കുകളും ജി.എസ്.റ്റി. ഒഴികെയുള്ളവയാണ്.

മുകളിലുള്ള നിരക്കുകൾ മാറ്റത്തിനു വിധേയമാണ്. ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക https://unioncards.unionbankofindia.co.in/

## പലിശ രഹിത (ഗ്രേസ്) കാലയളവ്

പലിശരഹിത ക്രെഡിറ്റ് കാലയളവ് 20 മുതൽ 50 ദിവസം വരെയാകാം 'എന്നിരുന്നാലും' ഇത് റീട്ടെയിൽ വാങ്ങലുകൾക്കു മാത്രമേ ബാധകമാകൂ. അതിനായി മുൻ മാസത്തെ കുടിശ്ശിക മുഴുവനായും അടച്ചു തീർക്കേണ്ടതുണ്ട്. എടിഎമ്മുകളിൽ നിന്ന് (ക്യാഷ് അഡ്വാൻസ്)പണം പിൻവലിക്കുന്നതിന് പലിശ രഹിത ഗ്രേസ് പിരീഡ് ഉണ്ടായിരിക്കുന്നതല്ല.

## സാമ്പത്തിക ചാർജ്ജുകൾ

| | |
|---|---|
| അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുക അടയ്ക്കേണ്ട അവസാന തീയതിയോടെ അടച്ചാൽ | പ്രതിമാസം 2.50 ശതമാനം/ വാർഷിക നിരക്കിൽ 30 ശതമാനം |
| അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുക അടയ്ക്കേണ്ട അവസാന തീയതിയിൽ അടച്ചില്ലെങ്കിൽ | പ്രതിമാസം 2.95 ശതമാനം/ വാർഷിക നിരക്കിൽ 30 ശതമാനം |

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

## <u>സാമ്പത്തിക ചാർജുകൾ ഈടാക്കുന്ന വിധം (ഉദാഹരണ സഹിതം):</u>

ഒരു ക്രെഡിറ്റ് കാർഡ് ഉടമ അദ്ദേഹത്തിന്റെ/അവരുടെ കുടിശ്ശിക അടയ്ക്കേണ്ട തീയതിയിൽ മുഴുവൻ ബാലൻസ് അടയ്ക്കേണ്ടതില്ലെന്ന് തിരഞ്ഞെടുക്കുന്ന പക്ഷം, കാർഡ് ഉടമയ്ക്ക് ഗ്രേസ് പിരീഡ് ഉണ്ടാകില്ല കൂടാതെ സാമ്പത്തിക ചാർജുകൾ പ്രതിമാസ പലിശ നിരക്കിൽ നൽകണം.

പണം പിൻവലിക്കലുകൾക്ക് (ക്യാഷ് അഡ്വാൻസ്), ഗ്രേസ് പിരീയഡ് ഇല്ല കൂടാതെ പിൻവലിക്കൽ തീയതി മുതൽ പലിശ നൽകേണ്ടതാണ്.

**<u>ഉദാഹരണം:</u>**

ബില്ലിംഗ് തീയതി എല്ലാ മാസവും 25 ആണെങ്കിൽ

ഇടപാട് കാലയളവ്: $25^{th}$ ഓഗസ്റ്റ് 2022 മുതൽ $24^{th}$ സെപ്റ്റംബർ 2022 വരെ

ബില്ലിംഗ് തീയതി: $25^{th}$ സെപ്റ്റംബർ കുടിശിക തീയതി : $15^{th}$ ഒക്ടോബർ (ബില്ലിംഗ് തീയതി കഴിഞ്ഞ് 20 ദിവസം)

| ഇടപാട് തീയതി | ഇടപാട് വിശദാംശങ്ങൾ | തുക |
|---|---|---|
| 30-08-2022 | പലചരക്ക് | 5000 |
| 10-09-2022 | ഇ കൊമേഴ്സ് | 10000 |

25th ഓഗസ്റ്റ് മുതൽ മുൻപുള്ള ബാലൻസ് അടവ് നീട്ടിവച്ചിട്ടില്ലെന്നു കരുതുക, സെപ്റ്റംബർ 25-ന് സൃഷ്ടിച്ച സ്റ്റേറ്റ്മെന്റ് 15000 രൂപ കുടിശ്ശിക കാണിക്കുന്നു. കുടിശ്ശിക അടയ്ക്കേണ്ട തീയതി 15 ഒക്ടോബർ ആയി പരിഗണിച്ചാൽ 5 ശതമാനം നിരക്കിൽ അടയ്ക്കേണ്ട ഏറ്റവും കുറഞ്ഞ തുക 750 രൂപ ആയിരിക്കും.

**1. മുഴുവൻ കുടിശിക തുകയായ 15000 രൂപ കുടിശിക അടയ്ക്കേണ്ട തീയതിയായ 15 ഒക്ടോബർ '22 നോ അതിനു മുൻപോ അട്യ്ക്കുകയാണെങ്കിൽ, സാമ്പത്തിക ചാർജ്ജുകൾ ചുമത്തുന്നതല്ല.**

**2. മിനിമം അടവ് നടത്തേണ്ട തീയതിക്കോ അതിനു മുൻപോ അടയ്ക്കുകയാണെങ്കിൽ:**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

മിനിമം അടവ് തുകയായ 750 രൂപ 15th ഒക്ടോബർ '22 ന് അടയ്ക്കുകയാണെങ്കിൽ, ബാങ്ക് ബാക്കിയുള്ള ബാലൻസ് തുകയിൽ പ്രതിമാസം 2.50 ശതമാനം സാമ്പത്തിക ചാർജ് ഈടാക്കുന്നതാണ് അതായതു ഒരു മാസത്തേക്ക് 14,250 രൂപയ്ക്ക് 2.50 ശതമാനം എന്ന നിരക്കിൽ.

'22 ഒക്ടോബർ 25-ന് ജനറേറ്റ് ചെയ്ത സ്റ്റേറ്റ്മെന്റിൽ മൊത്തം കുടിശ്ശിക Rs. 14,670.37 [അതായത് 14250 രൂപ + പലിശ തുക 356.25 രൂപ + ജി.എസ്ടി 64.12 രൂപ] കുറഞ്ഞ അടയ്ക്കേണ്ട തുക 14,670.37 രൂപയ്ക്ക് 5 ശതമാനം അതായത് 740/- രൂപ (അടുത്ത 10-ലേക്ക് റൗണ്ട് ചെയ്തു).

**3. മിനിമം അടവ് തുക കുടിശിക അടയ്ക്കേണ്ട തീയതിക്കോ അതിനു മുൻപോ അടച്ചില്ലെങ്കിൽ:**

മുഴുവൻ കുടിശിക തുകയ്ക്ക് പ്രതിമാസം 2.95 ശതമാനം എന്ന നിരക്കിൽ സാമ്പത്തിക ചാർജ് ബാങ്ക് ഈടാക്കുന്നതാണ് അതായതു ഒരു മാസത്തേക്ക് 15000 രൂപയ്ക്ക് 2.95 ശതമാനം കൂടാതെ വൈകിയതിനുള്ള തുകയായി 200 രൂപയും ഈടാക്കും.

'22 ഒക്ടോബർ 25-ന് ജനറേറ്റ് ചെയ്ത സ്റ്റേറ്റ്മെന്റിൽ മൊത്തം കുടിശ്ശിക Rs. 15,758.15 [അതായത് 15000 രൂപ + പലിശ തുക 442.50 രൂപ + ജി.എസ്ടി 79.65 രൂപ + വൈകിയതിന് അടയ്ക്കേണ്ട തുക 200 രൂപ + ജി.എസ്ടി 36 രൂപ] കൂടാതെ കുറഞ്ഞ അടയ്ക്കേണ്ട തുക 15,758.15 രൂപയ്ക്ക് 5 ശതമാനം അതായത് 790/- രൂപ (അടുത്ത 10-ലേക്ക് റൗണ്ട് ചെയ്തു).

## B. ഡ്രോവൽ പരിധികൾ

i. ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, ക്രെഡിറ്റ് പരിധിയും ക്യാഷ് അഡ്വാൻസ് പരിധിയും നിർണയിക്കുകയും കാർഡ് ഉടമയെ അറിയിക്കുകയും ചെയ്യും.
ii. കാർഡ് ഉടമയ്ക്ക് ലഭ്യമായ ക്രെഡിറ്റ് ലിമിറ്റ് എന്നത് കുടിശ്ശിക തുകയും കാർഡുടമ നടത്തിയഏതെങ്കിലും ഇടപാടും (ബാങ്കിൽ പ്രൊസസിംഗിനായി അതുവരെ ലഭിക്കാത്തത്) പരിഗണിച്ചതിന് ശേഷം ഉപയോഗിക്കാതെ മിച്ചമുള്ള ക്രെഡിറ്റ് ലിമിറ്റായിരിക്കും.
iii. ബാങ്കിന്റെ പോളിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തെളിയിക്കപ്പെട്ട വരുമാനത്തെ അടിസ്ഥാനമാക്കി ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ പുതുക്കൽ, മെച്ചപ്പെടുത്തൽ/ ക്രെഡിറ്റ് പരിധിയിലെ കുറവ്/ ക്യാഷ് അഡ്വാൻസ് പരിധി എന്നിവ പരിഗണിച്ചേക്കാം.

iv. ക്രെഡിറ്റ് കാർഡ് റദ്ദാക്കിയാൽ മൊത്തം പരിധി അവസാനിക്കുന്നതയിരിക്കും.

v. വിവിധ തരം കാർഡുകൾക്കുള്ള പണം പിൻവലിക്കൽ പരിധികൾ താഴെ പറയുന്നതാണ്.

| | |
|---|---|
| വിസ ഗോൾഡ് | കാർഡ് പരിധിയുടെ 20 ശതമാനം |
| റുപേ പ്ലാറ്റിനം/ വിസ പ്ലാറ്റിനം/ ജെ.സി.ബി. ഹെൽത്ത് | കാർഡ് പരിധിയുടെ 30 ശതമാനം |
| റുപേ സെലക്റ്റ്/ വിസ സിഗ്നേച്ചർ/ യുണിയൻ യു.എൻ.ഐ കാർബൺ/ ജെ.സി.ബി. വെൽനസ്സ് | കാർഡ് പരിധിയുടെ 40 ശതമാനം |
| യുണിയൻ എം.എസ്.എം.ഇ., വിസ കോർപ്പറേറ്റ് ബിസിനെസ്സ് കാർഡുകൾ | തുക പിൻവലിക്കൽ അനുവദിക്കുന്നതല്ല |

## C. ബില്ലിംഗ്

ക്രെഡിറ്റ് കാർഡ് ഡിപ്പാർട്ട്മെന്റ് എല്ലാ മാസവും 25-ന് കാർഡ് ഉടമ നൽകുന്ന രജിസ്റ്റേർഡ് ഇ-മെയിൽ ഐഡിയിലേക്ക് ബില്ലുകൾ മെയിൽ ചെയ്യും. താഴെപ്പറയുന്നവയുണ്ടെങ്കിൽ ബില്ലുകൾ കാർഡ് ഉടമകൾക്ക് അയയ്ക്കുന്നതാണ്: (1) കാർഡ് ഉപയോഗിക്കുന്നുണ്ടെങ്കിൽ (2) കാർഡിൽ എന്തെങ്കിലും കുടിശിക തുക ഉണ്ടെങ്കിൽ (3) കാർഡിൽ എന്തെങ്കിലും ക്രെഡിറ്റ് ബാലൻസ് ഉണ്ടെങ്കിൽ.

i. ബിൽ തുക അടയ്ക്കേണ്ട തീയതി തുടർന്ന് വരുന്ന മാസത്തിലെ $14^{th}$ അല്ലെങ്കിൽ $15^{th}$ ആയിരിക്കും, അതായത് ബില്ലിംഗ് തീയതി മുതൽ 20 ദിവസം.

ii. ബില്ലിന്റെ വിശദാംശങ്ങൾ കണ്ടെത്താൻ, കാർഡ് ഉടമയ്ക്ക് 24x7 നാഷണൽ ടോൾ ഫ്രീ നമ്പർ 1800 425 1515 വഴിയോ അല്ലെങ്കിൽ 040-24683219/ 3210/ 3220 എന്ന ഫോൺ നമ്പരിലോ ഓഫീസ് സമയങ്ങളിൽ ബാങ്കുമായി ബന്ധപ്പെടാവുന്നതാണ്.

iii. ബില്ല് കൈപ്പറ്റാതിരിക്കുന്നത് കരാർ പ്രകാരമുള്ള കാർഡ് ഉടമയുടെ ബാധ്യതയോ ഉത്തരവാദിത്തമോ ഒഴിവാക്കില്ല. കാർഡ് ഹോൾഡർമാർ

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

കാർഡ് / ചാർജ് സ്ലിപ്പുകളുടെ ഉപയോഗത്തെ അടിസ്ഥാനമാക്കിയോ അല്ലെങ്കിൽ മുകളിൽ പറഞ്ഞ നമ്പറുകളിലോ മൊബൈൽ ആപ്പ് വഴിയോ (യൂണിയൻ ക്രെഡിറ്റ് കാർഡ് ആപ്പ്/ VYOM) ബിൽ തുക അപേക്ഷിച്ച് ബില്ലുകൾ തീർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

iv. **റോൾഓവർ ക്രെഡിറ്റ് സൗകര്യം**: ബില്ലിൽ കാണിച്ചിരിക്കുന്നതുപോലെ കാർഡ് ഉടമയ്ക്ക് "മിനിമം തുക" (MAD) അടയ്ക്കാവുന്നതാണ്. മിനിമം തുക എന്നത് മാസത്തിൽ അടയ്ക്കേണ്ട ഇ.എം.ഐ. യുടെ 5 ശതമാനവും, കുറഞ്ഞത് 100 രൂപയും മുൻ മാസത്തിൽ അടവാക്കാത്ത മിനിമം തുകയുണ്ടെങ്കിൽ അതും കൂടെ ചേർന്നതാണ്.

v. നിശ്ചിത തീയതിയിലോ അതിന് മുമ്പോ മിനിമം തുക അടച്ചാൽ ബാക്കിയുള്ള തുക തുടർന്നുള്ള മാസത്തേക്ക് റോൾ ഓവർ ചെയ്യപ്പെടും. മുകളിലെ 'ഫീസും ചാർജുകളും' എന്ന തലക്കെട്ടിന് കീഴിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ റോൾ-ഓവർ ബാലൻസുകൾക്ക് ഫിനാൻസ് ചാർജുകൾ ബാധകമായിരിക്കും.

vi. കാർഡ് ഉടമയ്ക്ക് മൊത്തം കുടിശ്ശിക അല്ലെങ്കിൽ കുടിശ്ശികയുള്ള മിനിമം അടവ് തുക അല്ലെങ്കിൽ മിനിമം അടവ് തുകയ്ക്കും മൊത്തം കുടിശ്ശികയ്ക്കും ഇടയിലുള്ള ഏതെങ്കിലും തുക അടയ്ക്കാൻ സ്വാതന്ത്ര്യം ഉണ്ട്.

vii. ആഡ്-ഓൺ കാർഡിന്റെ ഉപയോഗത്തിൽ നിന്ന് ഉണ്ടാകുന്ന ബാധ്യത പ്രധാന കാർഡ് ഉടമയ്ക്ക് മാത്രമായിരിക്കും.

viii. എല്ലാ മാസവും മിനിമം പേയ്മെന്റ് മാത്രം നടത്തുന്നത്, തിരിച്ചടവ് മാസങ്ങൾ/വർഷങ്ങളോളം നീണ്ടുപോകുന്നതിനും തത്ഫലമായി കുടിശ്ശിക തുകയിന്മേലുള്ള പലിശ ഭാരം വർദ്ധിക്കുന്നതിനും കാരണമാകുന്നു.

### തുക അടയ്ക്കേണ്ട വിധം

I. ക്രെഡിറ്റ് കാർഡ് ബില്ലുകളുടെ പേയ്മെന്റ് പണമായോ ചെക്കായോ മറ്റേതെങ്കിലും ബാങ്ക് ചെക്ക്/ഡിഡി ആയോ

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എല്ലാ ശാഖകളിലും കൗണ്ടറിലുടനീളം സ്വീകരിക്കുന്നു.

II. ഉപഭോക്താക്കൾക്ക് അവരുടെ ലിങ്ക് ചെയ്ത ഓപ്പറേറ്റീവ് അക്കൗണ്ടിൽ നിന്ന് ,'മൊത്തം ബിൽ തുക" അല്ലെങ്കിൽ "മിനിമം അടവ് തുക" അടയ്ക്കുന്നതിന് സ്റ്റാൻഡിംഗ് നിർദ്ദേശങ്ങൾ / ഓട്ടോ ഡെബിറ്റ് തിരഞ്ഞെടുക്കാം. നിശ്ചിത തീയതിയിൽ സ്റ്റാൻഡിംഗ് നിർദ്ദേശം നടപ്പിലാക്കുന്നതിന് മതിയായ ബാലൻസ് അത്തരം പ്രവർത്തന അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

III. ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം തിരഞ്ഞെടുത്തിട്ടുള്ള കാർഡ് ഉടമകൾക്ക് https://www.unionbankonline.co.in എന്നതിൽ ലോഗിൻ ചെയ്ത് ലഭ്യമായ ഓപ്ഷനിലൂടെ പേയ്മെന്റ് നടത്താം.

IV. ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് മറ്റ് ബാങ്കുകളിൽ നിന്ന് എൻ.ഇ.എഫ്.ടി./ ഐ.എം.പി.എസ്. വഴിയും പേയ്മെന്റ് നടത്താവുന്നതാണ്. അത്തരം കാർഡ് ഉടമകൾ ക്രെഡിറ്റ് കാർഡ് നമ്പർ സഹിതം ഇനിപ്പറയുന്ന വിശദാംശങ്ങൾ അവരുടെ ബാങ്കിൽ നൽകണം:

ബെനിഫിഷ്യറി ബാങ്കിന്റെ പേര്: **യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**
ശാഖയുടെ പേര്: **ക്രെഡിറ്റ് കാർഡ് & എം.എ.ബി. വകുപ്പ്**
ഐ.എഫ്.എസ്.സി. കോഡ്: : **UBIN0807826**
ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ: **16 ഡിജിറ്റ് ക്രെഡിറ്റ് കാർഡ് നമ്പർ**
ഗുണഭോക്താവിന്റെ പേര്: **യൂണിയൻ ബാങ്ക് ക്രെഡിറ്റ് കാർഡ് & എം.എ.ബി ഡിപ്പാർട്ട്മെന്റ്**
അയച്ചയാളുടെ വിവരങ്ങൾ: **മൊബൈൽ നമ്പറും ഇ-മെയിലും ഐ.ഡി. യും**
**യുപിഐ വഴിയും പേയ്മെന്റ് ഗേറ്റ്‌വേ വഴിയും പേയ്മെന്റ് നടത്താവുന്നതാണ്.**

**യുപിഐ വഴിയുള്ള പേയ്മെന്റിനുള്ള വി.പി.എ. (വെർച്വൽ പേയ്മെന്റ് വിലാസം) താഴെപ്പറയുന്ന പ്രകാരമാണ്:**

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

**cc<XXXXXXXX>@ubicard; ഇവിടെ <XXXXXXXX> എന്നത് ക്രെഡിറ്റ് കാർഡ് കസ്റ്റമർ ഐഡി. യെ സൂചിപ്പിക്കുന്നു.**

V. ചെക്ക് മടങ്ങുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ മതിയായ ബാലൻസ് ഇല്ലാത്തതിനാലോ മറ്റേതെങ്കിലും കാരണത്താലോ സ്റ്റാൻഡിംഗ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ, ബാധകമായ റിട്ടേൺ ചാർജുകളും സേവന നിരക്കുകളും ഈടാക്കുന്നതിന് പുറമേ, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ സെക്ഷൻ 138 പ്രകാരം ഉചിതമായ നടപടി ആരംഭിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

VI. കാർഡ് ഉടമ പ്രതിമാസ ബിൽ അനുസരിച്ചുള്ള തുകയേക്കാൾ കൂടുതലായി പണമടയ്ക്കുന്ന സാഹചര്യത്തിൽ, ക്രെഡിറ്റ് ബാലൻസിന്റെ പലിശയ്ക്ക് കാർഡ് ഉടമയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. തുടർന്നുള്ള പ്രതിമാസ ബില്ലിംഗ് തുകയിലേക്ക് അത് വരവ് വയ്ക്കുന്നതായിരിക്കും.

VII. വിലാസം, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ, ലാൻഡ്‌ലൈൻ നമ്പർ അല്ലെങ്കിൽ ഇമെയിൽ ഐഡി എന്നിവയിൽ മാറ്റം വന്നാൽ, ഫലപ്രദമായ ആശയവിനിമയത്തിനായി, മാറ്റം ഉടൻ ബാങ്കിനെ അറിയിക്കാൻ കാർഡ് ഉടമകളോട് അഭ്യർത്ഥിക്കുന്നു.

VIII. ബില്ലിംഗ് തർക്കങ്ങൾ: ബില്ലിന്റെ നിശ്ചിത തീയതിക്ക് മുമ്പ് എന്തെങ്കിലും പൊരുത്തക്കേടുകൾ കാർഡ് ഉടമ ബാങ്കിനെ അറിയിച്ചില്ലെങ്കിൽ, പ്രതിമാസ ബില്ലിലെ എല്ലാ ഉള്ളടക്കങ്ങളും ശരിയാണെന്നും കാർഡ് ഉടമ അംഗീകരിക്കുന്നതായും കണക്കാക്കും. രേഖാമൂലമുള്ള പരാതി ലഭിച്ചാൽ ബാങ്ക് വിസ/എൻപിസിഐ തർക്കപരിഹാര നടപടിക്രമം അനുസരിച്ച് യഥാവിധി അന്വേഷിക്കുകയും യഥാർത്ഥമായ പൊരുത്തക്കേടുണ്ടെങ്കിൽ അത് തിരുത്തുകയും ചെയ്യും.

താഴെപ്പറയുന്ന ഏതെങ്കിലും മാർഗ്ഗത്തിലൂടെ കാർഡുമായുള്ള അന്വേഷണങ്ങൾ നടത്തുന്നതിനും അല്ലെങ്കിൽ ഏതെങ്കിലും പരാതി പരിഹാരത്തിനുമായി കാർഡ് ഉടമയ്ക്ക് ബാങ്കുമായി ബന്ധപ്പെടാവുന്നതാണ്:

1j 24x7 ടോൾ ഫ്രീ നമ്പർ: 1800-425-1515

2) 040-24683210 / 3219/ 3220 (ഓഫീസ് സമയങ്ങളിൽ കസ്റ്റമർ സർവീസ് ഓഫീസർ)

3) ഇമെയിൽ വഴി: ccdhelpdesk@unionbankofindia.bank

4) ന്യായമായ സമയത്തിനുള്ളിൽ കാർഡ് ഉടമയ്ക്ക് പ്രതികരണം ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമയ്ക്ക് ക്രെഡിറ്റ് കാർഡ് & എംഎബി

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

ഡിപ്പാർട്ട്മെന്റ് ഗ്രീവൻസ് റിഡ്രസൽ ഓഫീസറെ ക്രെഡിറ്റ് കാർഡ് & എംഎബി ഡിപ്പാർട്ട്മെന്റിൽ താഴെപ്പറയുന്ന മേൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,യൂണിയൻ ബാങ്ക് ബിൽഡിംഗ്, സുൽത്താൻ ബസാർ, ഹൈദരാബാദ് എന്ന വിലാസത്തിൽ, ഫോൺ നമ്പർ 040- 24683209, ഇ-മെയിൽ അയയ്ക്കാം : ccd.grievances@unionbankofindia.bank

## D.കുടിശ്ശികക്കാരായാൽ

ഒരു കാർഡ് ഉടമയെ കുടിശ്ശികക്കാരനായി റിപ്പോർട്ടുചെയ്യുന്നതിന് മുമ്പ്, അത്തരം കാർഡ് ഉടമയ്ക്ക് അദ്ദേഹത്തെ/അവരെ ബാങ്കിൽ കുടിശ്ശികക്കാരായി റിപ്പോർട്ട് ചെയ്യാനുള്ള ബാങ്കിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് ഏഴ് ദിവസത്തെ നോട്ടീസ് പിരീഡ് നൽകും. കുടിശ്ശികക്കാരായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന് ശേഷം കാർഡ് ഉടമ കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ, കുടിശ്ശിക തീർപ്പാക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം ബാങ്ക് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യും.

**സ്പെഷ്യൽ മെൻഷൻ അക്കൗണ്ട്സ് (എസ്.എം.എ.)**

റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ബാങ്കിന്റെ സ്ട്രെസ് അക്കൗണ്ടുകളെ അതിന്റെ നിലവാരമനുസരിച്ച് ഉപ വിഭാഗങ്ങളാക്കുന്ന സ്പെഷ്യൽ മെൻഷൻ അക്കൗണ്ട്സ് (എസ്.എം.എ.) എന്നറിയപ്പെടുന്ന ഉപ-ആസ്തി വിഭാഗങ്ങൾ സൃഷ്ടിച്ചുകൊണ്ട് ബാങ്ക് തിരിച്ചറിയേണ്ടത് ആവശ്യമാണ്.

മൂലധനം അല്ലെങ്കിൽ പലിശയുടെ അടവ് അല്ലെങ്കിൽ പൂർണ്ണമായോ ഭാഗികമായോ കുടിശ്ശിക ആയിട്ടുള്ള തുക എന്നിവയെ അടിസ്ഥാനമാക്കിയാണ് SMA തരംതിരിച്ചിരിക്കുന്നത്.

SMA 0 (കുടിശ്ശിക അടയ്ക്കേണ്ട തീയതി മുതൽ 30 ദിവസം വരെ)

SMA 1 (30 ദിവസത്തിൽ കൂടുതൽ & കുടിശ്ശിക അടയ്ക്കേണ്ട തീയതി മുതൽ 60 ദിവസം വരെ)

SMA 2 (60 ദിവസത്തിൽ കൂടുതൽ & കുടിശ്ശിക അടയ്ക്കേണ്ട തീയതി മുതൽ 90 ദിവസം വരെ)

**നിഷ്ക്രിയ ആസ്തി (എൻ.പി.എ.)**

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

പ്രസ്താവനയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ കുടിശ്ശിക അടയ്ക്കേണ്ട തീയതി മുതൽ തൊണ്ണൂറു(90) ദിവസത്തിനുള്ളിൽ കുടിശ്ശികയുള്ള ഏറ്റവും കുറഞ്ഞ തുക അടച്ചില്ലെങ്കിൽ ഒരു ക്രെഡിറ്റ് കാർഡ് അക്കൗണ്ട് എൻ.പി.എ. ആയി കണക്കാക്കും.

അടവിന് മുടക്കം വരുത്തുന്ന സാഹചര്യത്തിൽ, കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തുക അടയ്ക്കുന്നതിന്, കാർഡ് ഉടമകൾക്ക് ടെലിഫോൺ, എസ്എംഎസ്, ഇ-മെയിൽ എന്നിവ വഴി സമയനുസൃതമായി അറിയിപ്പ് നൽകുന്നതാണ്. കുടിശ്ശിക അടയ്ക്കുന്നതിനേപ്പറ്റി ഓർമപ്പെടുത്തുന്നതിനും തുടരന്വേഷണങ്ങൾക്കുമായി ബാങ്കുദ്യോഗസ്ഥരോ മൂന്നാം കക്ഷികളോ കാർഡുടമയെ നേരിട്ട് ബന്ധപ്പെടുന്നതായിരിക്കും. അങ്ങനെ നിയമിക്കപ്പെട്ട ഏതൊരു മൂന്നാം കക്ഷിയും, കടം കൊടുത്തവർക്കുള്ള ന്യായമായ പ്രാക്ടീസ് കോഡ് പൂർണ്ണമായും പാലിക്കും. വീഴ്ച വരുത്തിയാൽ കുടിശ്ശികക്കാർക്കെതിരെ/അവകാശികൾക്കെതിരെ ബാങ്കിന് നിയമനടപടികൾ ആരംഭിക്കുവാനുള്ള അവകാശം ഉള്ളതാകുന്നു.

താഴെപ്പറയുന്ന ഒന്നോ അതിലധികമോ സംഭവങ്ങൾ കുറ്റങ്ങളായി മാറാം, അതിനാൽ ബാങ്കിന് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ ക്രെഡിറ്റ് കാർഡ് സൗകര്യം പിൻവലിച്ചേക്കാനുള്ള അവകാശമുണ്ട്.

- നിശ്ചിത കാലയളവിനുള്ളിൽ ബാങ്കിന് നൽകേണ്ട തുക അടയ്ക്കാതിരുന്നാൽ.
- ക്രെഡിറ്റ് കാർഡ് അപേക്ഷ/ ഉടമ്പടി പ്രകാരം കാർഡ് ഉടമ അദ്ദേഹത്തിന്റെ/അവരുടെ ബാധ്യതകൾ നിറവേറ്റാതിരുന്നാൽ.
- വരുമാനം തെളിയിക്കുന്നതോ ഫോട്ടോയും വിലാസവും തിരിച്ചറിയുന്നതിനുള്ള രേഖകളോ ഉൾപ്പെടെ കാർഡുടമ സമർപ്പിക്കുന്ന ഏതു രേഖയും തെറ്റോ അപൂർണ്ണമോ ആണെന്ന് തെളിയിക്കപ്പെട്ടാൽ
- മിനിമം അടവ് തുകയോ മൊത്തം കുടിശ്ശികയോ അടച്ചില്ലെങ്കിൽ ക്രെഡിറ്റ് കാർഡ് ഉടമയുടെ ഡിഫോൾട്ട് സ്റ്റാറ്റസ് സിബിൽ അല്ലെങ്കിൽ മറ്റേതെങ്കിലും ആർ.ബി.ഐ. അംഗീകരിച്ച ക്രെഡിറ്റ് ഇൻഫോർമേഷൻ കമ്പനിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

- ബാങ്ക് പൂർണ്ണമായി സംതൃപ്തരാകുന്ന തരത്തിൽ കാർഡ് ഉടമ കുടിശ്ശിക തീർപ്പാക്കുന്ന സാഹചര്യത്തിൽ, കുടിശ്ശിക തീർന്ന തീയതി മുതൽ 30 ദിവസത്തിനകം ഡിഫോൾട്ട് റിപ്പോർട്ട് പിൻവലിക്കും.

- കാർഡ് ഉടമ മരണപ്പെടുന്ന സാഹചര്യത്തിൽ, നിയമാനുസൃതം നിയോഗിക്കപെട്ടവർക്കെതിരെ നിയമനടപടി സ്വീകരിക്കാനുള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കും.

## ഇൻഷുറൻസ് കവറേജ്

ചുവടെ വിശദമായി പറഞ്ഞിരിക്കുനത് പോലെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷുറൻസ് കവറേജ് ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് ലഭ്യമാണ്, ഇതിന്റെ പ്രീമിയം കാർഡ് ഉടമകൾ വഹിക്കണം.

| സി.നം. | വിവിധ തരം | അപകട മരണ ഇൻഷുറൻസ് പരിരക്ഷ (രൂ.) |
|---|---|---|
| 1 | വിസ ഗോൾഡ്/ വിസ ക്ലാസ്സിക് | 5,00,000 |
| 2 | വിസ പ്ലാറ്റിനം | 10,00,000 |
| 3 | വിസ ബിസിനെസ്സ് പ്ലാറ്റിനം | ഇല്ല |
| 4 | വിസ സിഗ്നേച്ചർ | 30,00,000 |
| 5 | റുപേ പ്ലാറ്റിനം | 10,00,000 |
| 6 | യുണിയൻ യു.എൻ.ഐ കാർബൺ (റുപേ പ്ലാറ്റിനം തരം) | 10,00,000 |
| 7 | റുപേ സെലക്റ്റ് | 30,00,000 |

മുകളിൽ പറഞ്ഞവ കൂടാതെ, നിലവിൽ റുപേ കാർഡ് ഉടമകൾക്ക് ഇനിപ്പറയുന്ന സൗജന്യ അപകട മരണ ഇൻഷുറൻസ് കവറേജ് എൻപിസിഐ വാഗ്ദാനം ചെയ്യുന്നു, അതായത് പ്രാഥമിക, ആഡ്-ഓൺ കാർഡുകൾക്കായി പ്രീമിയം എൻപിസിഐ വഹിക്കുന്നതായിരിക്കും.

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

### ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

| നം. | കാർഡ് വിവരം | അപകട മരണ ഇൻഷുറൻസ് പരിരക്ഷ (രൂ.) |
|---|---|---|
| 1 | റുപേ പ്ലാറ്റിനം | 2,00,000 |
| 2 | യൂണിയൻ യു.എൻ.ഐ കാർബൺ (റുപേ പ്ലാറ്റിനത്തിന്റെ തരം) | 10,00,000 |
| 3 | റുപേ സെലക്ട് | 10,00,000 |

പോളിസി ദാതാക്കൾ ഇൻഷുറൻസ് തുക, പ്രീമിയം, പോളിസി കാലാവധി കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമാണ്. ഏറ്റവും പുതിയ വിശദാംശങ്ങൾക്ക് ഞങ്ങളുടെ ക്രെഡിറ്റ് കാർഡ് വെബ്സൈറ്റ് https://unioncards.unionbankofindia.co.in/ സന്ദർശിക്കുക.

**അപകട മരണ ഇൻഷുറൻസ് പരിരക്ഷയുടെയും അടയ്ക്കേണ്ട പ്രീമിയത്തിന്റെയും വിവരങ്ങൾ:**

i. ക്ലെയിം തീർപ്പാക്കുന്ന അവസരത്തിൽ, ബാങ്കിന്റെ വിവേചനാധികാരത്തിന് വിധേയമായി ക്ലെയിം തുക ആദ്യം കാർഡുടമയുടെ കുടിശ്ശിക തുകയിലേക്കും അതുകഴിഞ്ഞുള്ള തുക മറ്റ് ലോണിലേക്കും വകയിരുത്തുന്നതാണ്.

ii. ഇൻഷുറൻസ് ക്ലെയിമുകൾ തീർപ്പാക്കുന്നതിൽ ബാങ്ക് ഒരു സഹായകൻ മാത്രമാണ്, പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ഏത് ക്ലെയിം സെറ്റിൽമെന്റും ഇൻഷുറൻസ് കമ്പനിയുടെ വിവേചനാധികാരത്തിലാണ്. ക്ലെയിം പരിഹരിക്കുന്നതിലെ ഏതൊരു തർക്കവും പോളിസിയുടെ നിബന്ധനകൾ അനുസരിച്ച് ഇൻഷുറൻസ് കമ്പനിയുടെ വിവേചനാധികാരത്തിലാണ് കൂടാതെ ഈ വിഷയത്തിൽ ബാങ്ക് യാതൊരു ഉത്തരവാദിത്തമോ ബാധ്യതയോ ഏറ്റെടുക്കുന്നതല്ല.

iii. ക്രെഡിറ്റ് കാർഡ് പ്രവർത്തനക്ഷമമാക്കുന്ന തീയതിയിൽ ക്രെഡിറ്റ് കാർഡ് ഉടമകളുടെ അക്കൗണ്ടിൽ നിന്ന് ബാങ്ക് പ്രീമിയം ഈടാക്കുന്നതാണ്, അതിനാൽ ക്രെഡിറ്റ് കാർഡ് ഹോൾഡർമാരുടെ അക്കൗണ്ടിൽ നിന്ന് പ്രീമിയം ഈടാക്കുന്ന തീയതി മുതൽ കാർഡ് ഉടമയ്ക്ക് പരിരക്ഷ ലഭിക്കും.

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

iv. കാർഡ് ഹോൾഡർ ബാങ്കിന്റെ കാർഡ് ഹോൾഡർ ആയിരിക്കുന്നിടത്തോളം കാലം മാത്രമേ ആക്സിഡന്റൽ ഇൻഷുറൻസ് പരിരക്ഷ കാർഡ് ഉടമയ്ക്ക് ലഭ്യമാകുകയുള്ളൂ. കാർഡ് ഹോൾഡറിന്റെ കാർഡ് അക്കൗണ്ട് പ്രവർത്തനക്ഷമമായിരിക്കുകയും വേണം.

v. റുപേ യുടെ വിവിധ തരങ്ങൾക്ക്, എൻപിസിഐ വാഗ്ദാനം ചെയ്യുന്ന ഇൻഷുറൻസ് പരിരക്ഷ ക്ലെയിം ചെയ്യുന്നതിനായി അർഹത നേടുന്നതിന്, റുപേ കാർഡ് ഉടമയുടെ അപകട തീയതി മുതൽ 30 ദിവസം മുമ്പ് കാർഡ് ഉടമ ഏതെങ്കിലും പിഒഎസ്/ഇ-കോമിൽ, അതായത്, ഇൻട്രാ, ഇൻറർ-ബാങ്ക് എന്നിവയിൽ, അതായത് ഞങ്ങളിൽ നിന്നോ അല്ലെങ്കിൽ ഞങ്ങളിൽ മുഖേനയോ കുറഞ്ഞത് റുപേ കാർഡ് വഴിയുള്ള ഒരു സാമ്പത്തിക ഇടപാട് എങ്കിലും വിജയകരമായി നടത്തിയിരിക്കണം.

vi. അപകട മരണ ഇൻഷുറൻസ് പരിരക്ഷ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന കാർഡ് ഉടമയ്ക്ക്, നോമിനിയുടെ വിശദാംശങ്ങൾ അതായതു നോമിനിയുടെ പേര്, നോമിനിയുടെ പ്രായം, കാർഡ് ഉടമയുമായുള്ള ബന്ധം, യഥാവിധി നൽകിക്കൊണ്ട് വ്യക്തമായ രേഖാമൂലം അല്ലെങ്കിൽ ഡിജിറ്റൽ രീതിയിൽ ചെയ്യാൻ കഴിയും.

## E. അവസാനിപ്പിക്കൽ / അസാധുവാക്കൽ

i. രേഖാമൂലം അല്ലെങ്കിൽ ഇ-മെയിൽ ഐഡി, ഐവിആർഎസ് അല്ലെങ്കിൽ എസ്എംഎസ് മുഖേന ബാങ്കിനെ അറിയിച്ച് എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കാൻ കാർഡ് ഉടമയ്ക്ക് സ്വാതന്ത്ര്യമുണ്ട്. കാർഡ് അക്കൗണ്ടിലെ മൊത്തം കുടിശ്ശിക അടച്ചതിനുശേഷം മാത്രമേ അവസാനിപ്പിക്കൽ പ്രാബല്യത്തിൽ വരികയുള്ളൂ.

ii. ക്രെഡിറ്റ് കാർഡിന്റെ റദ്ദാക്കലിനായി, കാർഡ് ഉടമയ്ക്ക് ഞങ്ങളുടെ വെബ്സൈറ്റും സന്ദർശിക്കാവുന്നതാണ്. https://unioncards.unionbankofindia.co.in

iii. കാർഡ് ഉടമയുടെ മരണത്തിലോ പാപ്പരത്തത്തിലോ ബാങ്ക് കരാർ അവസാനിക്കപ്പെടാം. കാർഡ് ഉടമയുടെ മരണത്തിലോ

यूनियन बैंक ऑफ इंडिया
Credit Card & MAB Dept.
UNION BANK OF INDIA

പാപ്പരത്തത്തിലോ ഉടനടി കാർഡിനെതിരായ മുഴുവൻ കുടിശ്ശികയും വീണ്ടെടുക്കാൻ ബാങ്കിന് അധികാരമുണ്ട്.

iv. ബാങ്കിന് അതിന്റെ പൂർണ്ണ വിവേചനാധികാരത്തിൽ എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കുകയും യാതൊരു കാരണവും നൽകാതെയും മുൻകൂട്ടി അറിയിക്കാതെയും കാർഡുകളുടെ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യാം. എന്നിരുന്നാലും, അത്തരം നടപടിയെക്കുറിച്ച് കാർഡ് ഉടമയെ അറിയിക്കുന്നതായിരിക്കും.

v. കാർഡുകൾ അവസാനിപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ മുമ്പായി പ്രൈമറി കാർഡ്/ആഡ്-ഓൺ കാർഡ് ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകുന്ന എല്ലാ നിരക്കുകൾക്കും കാർഡ് ഉടമ ബാധ്യസ്ഥനാണ്.

vi. ഒരു വർഷത്തിൽ കൂടുതൽ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചിട്ടില്ലെങ്കിൽ, കാർഡ് ഉടമയെ അറിയിച്ചതിന് ശേഷം കാർഡ് അവസാനിപ്പിക്കാനുള്ള നടപടികൾ ആരംഭിക്കും. 30 ദിവസത്തിനുള്ളിൽ കാർഡ് ഉടമയിൽ നിന്ന് മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമയുടെ എല്ലാ കുടിശ്ശികകളും തീർക്കുന്ന പക്ഷം കാർഡ് അക്കൗണ്ട് അവസാനിപ്പിക്കുന്നതായിരിക്കും.

## F. നഷ്ടം / മോഷണം / കാർഡ് ദുരുപയോഗം:

i. ഒരു കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ, കാർഡ് ഉടമ ഉടൻ തന്നെ ഫോണിലൂടെയോ ഇ-മെയിൽ / എസ്എംഎസ് / മൊബൈൽ ആപ്പ് വഴിയോ ബാങ്കിനെ അറിയിക്കണം.

| | |
|---|---|
| ടെലിഫോൺ | 24x7 നാഷണൽ ടോൾ ഫ്രീ നമ്പർ: 1800-425-1515 അല്ലെങ്കിൽ ഫോൺ നമ്പർ 040-24683210 അല്ലെങ്കിൽ 24683220 |
| ഇ-മെയിൽ | ccdhelpdesk@unionbankofindia.bank |
| എസ്.എം.എസ്. | രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ നിന്ന് 7836884400 എന്ന നമ്പറിലേക്ക് ചുവടെ കൊടുത്ത പോലെ.<br><br>CARDLOST<space>XXXX (XXXX എന്നത് ക്രെഡിറ്റ് കാർഡ് നമ്പറിന്റെ അവസാന നാല് അക്കങ്ങളെ സൂചിപ്പിക്കുന്നു |

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

ii. കാർഡ് ഉടമ പോലീസിൽ ഒരു പരാതി/ ഫസ്റ്റ് ഇൻഫോർമേഷൻ റിപ്പോർട്ട് (FIR) സമർപ്പിക്കുകയും അതിന്റെ പകർപ്പ് ബാങ്കിന് നോട്ടീസിനൊപ്പം നൽകുകയും വേണം.

iii. ബാങ്കിന് അറിയിപ്പ്/ആശയവിനിമയം ലഭിക്കുന്നതുവരെ എല്ലാ ഇടപാടുകൾക്കും കാർഡുകളിൽ ഈടാക്കുന്ന ചാർജുകൾക്കും കാർഡ് ഉടമ ബാധ്യസ്ഥനാണ്.

iv. കാർഡ് ഉടമയ്ക്ക് കാർഡ് ലഭിച്ചിട്ടില്ലെങ്കിലോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ/അവരുടെ കാർഡ് മറ്റുള്ളവർ ദുരുപയോഗം ചെയ്യുന്നുവെങ്കിൽ, കാർഡ് ഉടമ ഉടൻ തന്നെ അത് രേഖാമൂലം ബാങ്കിനെ അറിയിക്കേണ്ടതാണ്.

v. കാർഡ് ഉടമയുടെ അശ്രദ്ധ മൂലം നഷ്ടം സംഭവിക്കുന്ന സന്ദർഭങ്ങളിൽ മുഴുവൻ നഷ്ടവും കാർഡ് ഉടമ വഹിക്കേണ്ടതാണ്, ഉദാ. കാർഡ് ഉടമ പേയ്മെന്റ് ക്രെഡൻഷ്യലുകളോ അക്കൗണ്ട്/ഇടപാട് വിശദാംശങ്ങളോ അതായത് ഇൻറർനെറ്റ് ബാങ്കിംഗ് യൂസർ ഐ.ഡി.& പിൻ, ക്രെഡിറ്റ് കാർഡ് പിൻ/ഒ.ടി.പി. പങ്കുവെച്ചിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ മൊബൈൽ / ലാപ്ടോപ് / ഡെസ്ക്ടോപ്പ് പോലുള്ള ഉപഭോക്തൃ ഉപകരണങ്ങളിൽ ശരിയായിട്ടുള്ള പരിരക്ഷ ലഭിക്കാത്തത് മൂലം മാൽവെയർ / ട്രോജൻ അല്ലെങ്കിൽ ഫിഷിംഗ് / വിഷിംഗ് ആക്രമണത്തിലേക്ക് നയിക്കപ്പെടുന്നു. തട്ടിപ്പുകാരൻ സിം നിർജ്ജീവമാക്കിയതിനാലും ഇത് സംഭവിക്കാം. അത്തരം സാഹചര്യങ്ങളിൽ, കാർഡ് ഉടമ അനധികൃത ഇടപാട് ബാങ്കിൽ റിപ്പോർട്ട് ചെയ്യുന്നതുവരെ മുഴുവൻ നഷ്ടവും കാർഡ് ഉടമ വഹിക്കേണ്ടതാണ്.

vi. തർക്കമുള്ള ഇടപാടുകളിൽ എന്തെങ്കിലും അന്വേഷണമുണ്ടായാൽ കാർഡ് ഉടമ ബാങ്ക്/നിയമം നടപ്പാക്കുന്ന അധികാരികളുമായി പൂർണ്ണമായി സഹകരിക്കണം.

## G. പരാതി പരിഹാരത്തിനും നഷ്ടപരിഹാരത്തിനുമുള്ള പദ്ധതി

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

താഴെപ്പറയുന്ന ഏതെങ്കിലും മാർഗ്ഗത്തിലൂടെ എന്തെങ്കിലും അന്വേഷണങ്ങൾ നടത്തുന്നതിനും അല്ലെങ്കിൽ ഏതെങ്കിലും പരാതി പരിഹാരത്തിനുമായി കാർഡ് ഉടമയ്ക്ക് ബാങ്കുമായി ബന്ധപ്പെടാവുന്നതാണ്:

i. 24x7 ടോൾ ഫ്രീ നമ്പർ: 1800-425-1515
ii. 040-24683210 / 3219/ 3220 (ഓഫീസ് സമയങ്ങളിൽ കസ്റ്റമർ സർവീസ് ഓഫീസർ)
iii. ഇമെയിൽ വഴി: ccdhelpdesk@unionbankofindia.bank
iv. ക്രെഡിറ്റ് കാർഡ് & എംഎബി ഡിപ്പാർട്ട്മെന്റ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സുൽത്താൻ ബസാർ, കോട്ടി, ഹൈദരാബാദ് – 500095, തെലങ്കാന, ഇന്ത്യ എന്ന വിലാസത്തിൽ ബന്ധപ്പെടുക.

v. ന്യായമായ സമയത്തിനുള്ളിൽ കാർഡ് ഉടമയ്ക്ക് മറുപടി ലഭിച്ചില്ലെങ്കിൽ, കാർഡ് ഉടമയ്ക്ക് ക്രെഡിറ്റ് കാർഡ് & എംഎബി ഡിപ്പാർട്ട്മെന്റ്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സുൽത്താൻ ബസാർ, കോട്ടി, ഹൈദരാബാദ് എന്ന വിലാസത്തിൽ പരാതി പരിഹാര ഓഫീസറെ ബന്ധപ്പെടുകയോ, 040-24683209 എന്ന ഫോൺ നമ്പർ വഴി ബന്ധപ്പെടുകയോ അല്ലെങ്കിൽ ccd.grievances@unionbankofindia.bank എന്ന മെയിൽ ഐ ഡി യിലേക്ക് ഇ-മെയിൽ അയക്കുകയോ ചെയ്യാം.

ബാങ്കിന്റെ സേവനങ്ങളിലുള്ള പ്രത്യക്ഷമായ അപര്യാപ്തത മൂലം ഉഭഭോക്താക്കൾക്ക് സംഭവിക്കാവുന്ന സാമ്പത്തിക നഷ്ടങ്ങളെ നഷ്ടപരിഹാരത്തിന്റെയും, പരാതിപരിഹാരത്തിന്റെയും, ഉപഭോക്തൃ അവകാശത്തിന്റെയും നയങ്ങൾക്കനുസൃതമായിട്ടായിരിക്കും ബാങ്ക് നടപടിയെടുക്കുന്നത്. നഷ്ടപരിഹാര നയമനുസരിച്ചുള്ള ബാധ്യതകൾ ബാങ്കും ഉപഭോക്താവും തമ്മിലുള്ള തർക്കപരിഹാരത്തിനായി രൂപീകരിക്കപ്പെട്ട ഏതൊരു ഫോറത്തിലും തങ്ങളുടെ ഭാഗം പ്രതിരോധിക്കുന്നതിനുള്ള അവകാശം ബാങ്കിനുണ്ടായിരിക്കുന്നതാണ്.

## H. വെളിപ്പെടുത്തൽ

I. അപേക്ഷകൻ താഴെ പറയുന്ന കാര്യങ്ങൾക്കായി ബാങ്കിനെ ചുമതലപ്പെടുത്തുന്നു.



**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

" യഥാ സമയത്ത് എന്റെ/ഞങ്ങളുടെ കാർഡുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും കാർഡ് ഇഷ്യൂവർക്കുള്ള ഡിഫോൾട്ട് അല്ലെങ്കിൽ പേയ്മെന്റുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ, സിബിൽ അല്ലെങ്കിൽ ഏതെങ്കിലും ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ, ധനകാര്യ സ്ഥാപനം, സഹായധനം, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ അഫിലിയേറ്റ് അല്ലെങ്കിൽ അസോസിയേറ്റായിട്ടുള്ളതും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിരിക്കുന്നതുമായ ഏതെങ്കിലും മൂന്നാം കക്ഷിക്കും, വിപണനം, സ്ഥിരീകരണം, വീണ്ടെടുക്കൽ അല്ലെങ്കിൽ കാർഡ് കുടിശ്ശികയുടെ തുടർനടപടികൾ, സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനക്ഷമതയും സ്ഥിരതയും മെച്ചപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി വെളിപ്പെടുത്താൻ ചുമതലപ്പെടുത്തുന്നു.”

## I. ബാധ്യത ഒഴിവാക്കൽ

മേൽപ്പറഞ്ഞവ കാര്യങ്ങളെ ബാധിക്കാത്ത തരത്തിൽ താഴെ പറയുന്നവയിൽ കാർഡ് ഉടമയ്ക്ക് ഏതെങ്കിലും തരത്തിൽ നേരിട്ടോ അല്ലാതെയോ കേടുപാടുകളോ നഷ്ടമോ എന്ത് തന്നെ സംഭവിച്ചാലും ബാങ്കിന് അതിൽ യാതൊരു ഉത്തരവാദിത്തവും ഉണ്ടയിരിക്കുകയില്ല.

a) ക്രെഡിറ്റ് കാർഡ് വഴി വാങ്ങുന്ന ഏതെങ്കിലും സാധനങ്ങളിലോ സേവനങ്ങളിലോ എന്തെങ്കിലും അപാകത ഉണ്ടെങ്കിൽ.

b) ഏതെങ്കിലും വ്യക്തി ക്രെഡിറ്റ് കാർഡ് സ്വീകരിക്കുന്നത് നിരാകരിച്ചാൽ

c) ഏതെങ്കിലും ഇലക്ട്രോണിക് ഡാറ്റ ടെർമിനൽ അല്ലെങ്കിൽ ഏതെങ്കിലും കമ്പ്യൂട്ടർ ടെർമിനൽ/ഉപകരണം അല്ലെങ്കിൽ ആശയവിനിമയ ശൃംഖലയ്ക്ക് തകരാർ സംഭവിച്ചാൽ.

d) കാർഡ് ഹോൾഡർ വഴിയല്ലാതെ ഇടപാട് നടത്തുന്നതിന് നിർദ്ദേശങ്ങൾ നല്കിയാൽ.

e) ഏതെങ്കിലും ഒരു വ്യക്തി കാർഡ് തിരികെ നല്കുന്നതിനായി അഭ്യർഥിച്ച് കൊണ്ട് പ്രസ്താവന നടത്തുകയോ അല്ലെങ്കിൽ പ്രവർത്തിക്കുകയോ ചെയ്താൽ.

f) കാർഡോ, കാർഡ് നമ്പർ, കാലഹരണപ്പെടുന്ന തീയതി, കാർഡിന്റെ പിൻഭാഗത്ത് സൂചിപ്പിച്ചിരിക്കുന്ന 3 അക്ക സിവിവി നമ്പർ അല്ലെങ്കിൽ കാർഡ് ഒറ്റത്തവണ പിൻ (OTP) പ്രകാരം സൃഷ്ടിച്ച പിൻ അല്ലെങ്കിൽ പാസ്‌വേഡ് തുടങ്ങിയ വിശദാംശങ്ങളും മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യപ്പെട്ടാൽ.

g) എടിഎം-ന്റെ മുൻഭാഗത്ത് നൽകിയിരിക്കുന്ന കാലാവധി അവസാനിക്കുന്നതിന് മുൻപ് ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ

**യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ**

## ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)

ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ ടെർമിനൽ (EDC അല്ലെങ്കിൽ PAS) അല്ലെങ്കിൽ കമ്പ്യൂട്ടർ ടെർമിനൽ അല്ലെങ്കിൽ എടിഎം ബാങ്കിന്റെ അധികാരമുപയോഗിച്ച് കാർഡ് മടക്കി എടുക്കുകയോ അല്ലെങ്കിൽ നല്കാൻ ആവശ്യപ്പെടുകയോ ചെയ്യുന്നു.

h) കാർഡ് റദ്ദാക്കാനുള്ള ബാങ്കിന്റെ അധികാരം പ്രയോഗിക്കുമ്പോൾ.

i) കാർഡ് തിരിച്ചെടുത്തതിനാലോ അത് തിരികെ നൽകാനുള്ള അഭ്യർഥന മൂലമോ ഒരു വ്യാപാര സ്ഥാപനം/ എടിഎം/ വെബ്സൈറ്റ് അല്ലെങ്കിൽ മെയിൽ ഓർഡർ അല്ലെങ്കിൽ ഏതെങ്കിലുമൊരു സ്ഥാപനം കാർഡ് സ്വീകരിക്കാതിരിക്കുകയോ നിരസിക്കുകയോ ചെയ്യത് മൂലം കാർഡുടമയുടെ ക്രെഡിറ്റ് ക്യാരക്ടറിനോ സൽപ്പേരിനോ ഉണ്ടാവുന്ന ക്ഷതം.

j) കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഫെമ നിയമങ്ങളോ ആർബിഐ മാർഗ്ഗനിർദ്ദേശങ്ങളോ പ്രകാരം വിദേശനാണ്യ വിനിമയ അവകാശ പരിധി കവിഞ്ഞതിനാലോ അല്ലെങ്കിൽ കാർഡ് ഉടമയുടെ പരിധി അല്ലെങ്കിൽ അവകാശങ്ങൾ കവിയുന്നതിനെ കുറിച്ച് ബാങ്ക് മനസ്സിലാക്കുമ്പോൾ.

k) കാർഡ് ഉടമയിൽ നിന്ന് കുടിശ്ശികയോ കുടിശ്ശിക തീർക്കുന്നതിനുള്ള ക്ലെയിം ബാങ്കോ ബാങ്കിന് വേണ്ടി പ്രവർത്തിക്കുന്ന ഏതെങ്കിലും വ്യക്തിയോ നടത്തുകയാണെങ്കിൽ, അത്തരം ആവശ്യം അല്ലെങ്കിൽ ക്ലെയിം കാർഡ് ഉടമയ്ക്ക് മാനഹാനിയുണ്ടാക്കുന്നതോ കാർഡുടമയെ ഏതെങ്കിലും തരത്തിൽ മോശമായി ചിത്രീകരിക്കുന്നതോ അല്ല എന്ന് കാർഡുടമ സമ്മതിക്കുന്നു.

l) വിസ / എൻപിസിഐ കൺസിയർജ് സേവനങ്ങൾ അല്ലെങ്കിൽ വിസ/എൻപിസിഐ ഏതെങ്കിലും രാജ്യത്ത് നൽകുന്ന മറ്റേതെങ്കിലും സേവനങ്ങൾ ഏതെങ്കിലും കിഴിവുകൾ അല്ലെങ്കിൽ ക്യാഷ് ബാക്ക് വ്യാപാരികൾ കാലാകാലങ്ങളിൽ വാഗ്ദാനം ചെയ്തതോ ഏതെങ്കിലും സ്കീമിന് കീഴിൽ വാഗ്ദാനം ചെയ്യുന്നതോ അല്ലെങ്കിൽ വാഗ്ദാനം ചെയ്തതോ ആയ, ഏതെങ്കിലും വ്യാപാര ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ബാങ്ക് എവിടെയും ഉത്തരവാദിയല്ല.

m) കാർഡിന്റെ തെറ്റായ വിശദാംശങ്ങൾ ഉപയോഗിക്കുന്നത് കാരണം കമ്പ്യൂട്ടർ സംവിധാനമോ ആശയവിനിമയ ശൃംഖലയോ ഏതെങ്കിലും ഓൺലൈൻ ഇടപാട് നിരസിക്കുന്നത്.

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

## J. ലീനും സെറ്റ് ഓഫ് ചെയ്യാനുള്ള അവകാശവും:

i. കാർഡ് ഹോൾഡറുടെയോ ആഡ്-ഓൺ കാർഡ് ഹോൾഡറുടെയോ പേരിലുള്ളതും ബാങ്കിന്റെ കൈവശത്തിലുള്ളതുമായ ഏതു അക്കൗണ്ടിലേയും ക്രെഡിറ്റ് ബാലൻസ് അവരുടെ ബാധ്യതയിലേക്ക് (ബാധ്യതയുടെ പഴക്കം കണക്കിലെടുക്കാതെ തന്നെ) വകയിരുത്താൻ ബാങ്കിന് അവകാശമുണ്ടായിരിക്കും.

ii. ബാങ്കിന്റെ അല്ലെങ്കിൽ നിയമപ്രകാരമുള്ള അല്ലെങ്കിൽ ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കാലാകാലങ്ങളിൽ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും മാറ്റാനും/പരിഷ്ക്കരിക്കാനുമുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

iii. കാലാകാലങ്ങളിൽ വരുത്തുന്ന അത്തരം മാറ്റങ്ങൾ പ്രതിമാസ ബില്ലിലൂടെയോ എസ്എംഎസ് വഴിയോ ഇമെയിൽ വഴിയോ അറിയിക്കുകയും കാർഡ് ഉടമ അത് അനുസരിക്കാൻ ബാധ്യസ്ഥനുമാണ്.

iv. കോർപ്പറേറ്റ് കാർഡുകളുടെ കാര്യത്തിൽ, അടയ്ക്കാത്ത കുടിശ്ശിക തുകയ്ക്ക് കമ്പനി പൂർണ്ണമായും ബാധ്യസ്ഥനാണ്. ബാങ്കിന്റെ/സെക്യൂരിറ്റികളുടെ കൈവശമോ ബാങ്കിന്റെ കൈവശമോ ഉള്ള എന്തുതന്നെയായാലും, കമ്പനിയുടെ അക്കൗണ്ടുകളിൽ കിടക്കുന്ന ബാലൻസുകളുടെ മേൽ സെറ്റ്-ഓഫ് ചെയ്യാനുള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കും.

## K. മറ്റു വ്യവസ്ഥകൾ:

i. കാർഡ് ഇഷ്യൂ ചെയ്ത തീയതി മുതൽ 30 ദിവസത്തിനുള്ളിൽ കാർഡ് ഹോൾഡർ കാർഡ് സജീവമാക്കണം, ഇല്ലെങ്കിൽ ആർ.ബി.ഐ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കാർഡ് റദ്ദാക്കപ്പെടും.

ii. കാർഡ് ഉടമ ഞങ്ങളുടെ വെബ്സൈറ്റ് ആയ https://unioncards.unionbankofindia.co.in/ സന്ദർശിക്കുക അല്ലെങ്കിൽ ഗ്രീൻ പിൻ സൃഷ്ടിക്കുന്നതിന് യൂണിയൻ ക്രെഡിറ്റ് കാർഡ് ആപ്പ്/VYOM ഉപയോഗിക്കുക.

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

iii. ഇടപാട് അലേർട്ടുകൾ ലഭിക്കുന്നതിന് കാർഡ് ഉടമ മൊബൈൽ നമ്പറും ഇ-മെയിൽ വിലാസവും നൽകണം. ഇ-മെയിൽ ഐഡിയിലോ മൊബൈൽ നമ്പറിലോ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖയെ സമീപിച്ച് ഉടൻ ബാങ്കിനെ അറിയിക്കേണ്ടതാണ്. ബാങ്കുമായുള്ള ഏത് കത്തിടപാടുകളും രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡിയിൽ നിന്ന് മാത്രമായിരിക്കണം.

iv. കാർഡ് ഉടമ അദ്ദേഹത്തിന്റെ/അവരുടെ മൊത്തത്തിലുള്ള ക്രെഡിറ്റ് കാർഡ് പരിധിക്കുള്ളിൽ, അതായത് യൂണിയൻ ക്രെഡിറ്റ് കാർഡ് ആപ്പ്/VYOM വഴിയുള്ള ആഭ്യന്തര, അന്തർദേശീയ ഇടപാടുകൾക്കുള്ള ഇ-കോം, പിഒഎസ്, എടിഎം എന്നിവയ്ക്കായി ഉപ-പരിധികൾ സജ്ജീകരിക്കേണ്ടതാണ്.

v. കാർഡ് ഉടമ തട്ടിപ്പ് ഇടപാട്/ കാർഡിന്റെ ദുരുപയോഗം എന്നിവയിൽ സംശയാസ്പദമായ സ്വഭാവമുള്ള, തന്നെ സംബന്ധിക്കാത്ത ഏതെങ്കിലും അലേർട്ട് ലഭിച്ചാൽ ഉടൻ ബാങ്കിനെ (24x7 ടോൾ ഫ്രീ നമ്പർ. 1800 425 1515) അറിയിക്കണം.

vi. കാർഡ് ഉടമ വിശ്വസനീയമായ വ്യാപാര സ്ഥാപനങ്ങളിൽ മാത്രമേ കാർഡ് ഉപയോഗിക്കാവൂ കൂടാതെ സ്കിമ്മിംഗ് തട്ടിപ്പ് ഒഴിവാക്കാൻ കാർഡ് സ്വൈപ്പ് നടത്തുന്നത് അവരുടെ സാന്നിധ്യത്തിൽ ആണെന്ന് ഉറപ്പാക്കുകയും വേണം. കാർഡ് വിവരങ്ങൾ ഹാക്ക് ചെയ്യുന്നതും ഉപയോഗപ്പെടുത്തുന്നതും തടയാനായി ഏതെങ്കിലും ഓൺലൈൻ ഇടപാടുകൾ സുരക്ഷിതമായ വെബ്സൈറ്റിൽ (അതായത് https:// ഉള്ള വെബ്സൈറ്റിൽ) മാത്രമേ നടത്താവൂ.

vii. ഒരു കാർഡ് ഉടമ ഓൺലൈൻ ഇടപാടുകൾ നടത്തുമ്പോഴെല്ലാം, ഇടപാട് 2 ഫാക്ടർ തിരിച്ചറിയൽ സംവിധാനം (2എഫ്എ) ഉപയോഗിച്ചാണെന്ന് ഉറപ്പാക്കണം. അധിക പാസ്‌വേഡ് സ്ഥിതീകരണത്തിനായി വെബ്സൈറ്റ് ആവശ്യപ്പെടുന്നില്ലെങ്കിൽ, ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികൾക്കും പേയ്മെന്റ്കൾക്കും കാർഡ് ഉടമ ഉത്തരവാദിയായിരിക്കും. പിന്നീട് എന്തെങ്കിലും തർക്കമുണ്ടായാൽ ബാങ്ക് ഉത്തരവാദിയയിരിക്കുന്നതല്ല.

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും (എം.ഐ.ടി.സി.)**

viii. കാർഡ് വിശദാംശങ്ങൾ, കാലഹരണ തീയതി സിവിവി നമ്പർ അല്ലെങ്കിൽ 2 ഫാക്ടർ പ്രാമാണീകരണ പാസ്‌വേഡ് അല്ലെങ്കിൽ ഒടിപി എന്നിവ ആവശ്യപ്പെട്ടേക്കാവുന്ന ഏതെങ്കിലും ഫിഷിംഗ് ഇ-മെയിലുകൾ കാർഡ് ഉടമ ഒഴിവാക്കണം.

ix. മുകളിൽ സൂചിപ്പിച്ച നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പുറമെ, ബാങ്കിന് ഉചിതമെന്ന് തോന്നുന്ന സമയങ്ങളിൽ കാർഡ് ഉടമകളെ വേണ്ടവിധം അറിയിച്ചതിന് ശേഷം സമയാസമയങ്ങളിൽ ഏതെങ്കിലും ചാർജുകളോ ഫീസോ മാറ്റുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും പുതിയ ചാർജുകളോ ഫീസോ അവതരിപ്പിക്കുന്നതിനോ ഉള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്.